**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2665** **04-03-2025 - ൽ മറുപടിയ്ക്ക്**

**സോളാർ പ്ലാന്റുകൾക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് സോളാർ അടക്കമുള്ള വൈദ്യുതി ഉത്പാദന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി ഇപ്പോൾ നിലവിലുള്ള **പി. എം. സൂര്യഘർ** പദ്ധതിയിൽ MNRE യുടെ സഹകരണത്തോടെ ഗാർഹിക ഉപഭോക്താ-ക്കൾക്ക് പരമാവധി 78,000/- രൂപ വരെ സബ്സിഡിയായി നൽകിവരുന്നു. കൂടാതെ, 31.12.2025 - ൽ അവസാനിക്കുന്ന **പി. എം. കുസും** പദ്ധതിയിലൂടെ 17 മെഗാവാട്ട് സ്ഥാപിത ശേഷിയും, 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന 50 MW - ന്റെ വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതിയും നടന്നു വരുന്നു. കൂടാതെ IPP/CPP സ്കീമുകളിലും ഉൾപ്പെടുത്തി സർക്കാർ സ്വകാര്യ ഭൂമികളിലും കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് കെ. എസ്. ഇ. ബി. എൽ. ന് ഗ്രിഡ് സപ്പോർട്ടിംഗ് ചാർജ്ജ് നൽകി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതിയും നിലവിലുണ്ട്.<br><br>സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് സോളാർ അടക്കമുള്ള വൈദ്യുതി ഉത്പാദന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.<br><br>റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി |

സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ '**പി.എം. സൂര്യ ഘർ**' പ്രചരിപ്പിക്കുന്നു.

സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/ BPL/പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

പച്ചക്കറികൾ/ പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ സോളാർപവർ പ്ലാന്റുകൾ /വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

സൗരോർജ്ജ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് **പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM)**. കേരളത്തിൽ കാർഷിക മേഖലയിൽനിന്നും സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുവാൻ പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വൈദ്യുത കണക്ഷൻ ഉള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1hp മുതൽ 7.5hp വരെയുള്ള പമ്പുകൾ സൗരോർജ്ജവല്ക്കരിച്ച് അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന അധികവൈദ്യുതി കർഷകർ KSEBL - ന് വിൽക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വൈദ്യുതി ഉപയോഗം ആവശ്യമായ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. ഹോട്ടലുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പബ്ലിക് EV ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഉൾപ്പെടുത്തിയാൽ ഒരു കിലോവാട്ടിന് 20,000/- രൂപ മുതൽ പരമാവധി 50 കിലോവാട്ടിന് 10 ലക്ഷം രൂപ സബ്സിഡി നൽകിവരുന്നു. |
| (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | പി. എം. സൂര്യഘർ പദ്ധതി മാത്രമാണ് ഇപ്പോൾ ഗാർഹിക മേഖലയിൽ സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന പദ്ധതി.<br><br>ഈ പദ്ധതി പ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA). - 1 kW സിസ്റ്റത്തിന് 30,000/- രൂപയും, 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും, 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ്. ഈ പദ്ധതി രാജ്യത്തെ ഒരു കോടി വീടുകളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.<br><br>ഈ സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |

സെക്ഷൻ ഓഫീസർ